പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.13091 — 03.04.2013-ൽ മറുപടിക്ക്

## അറവുശാലകളുയർത്തുന്ന മാലിന്യപ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് അറവുശാലകളുടെ വ്യാപനം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എന്തൊക്കെ കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്.<br>സംസ്ഥാനത്ത് അറവുശാലകൾ നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും നിയമപ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. അറവുശാലകൾക്ക് ആവശ്യമായ മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിക്കുന്നതിനും അറവു മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. പ്രിവെൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ് (സ്ലോട്ടർ ഹൗസ്) റൂൾസ്, 2000 പ്രകാരമുള്ള അറവുശാലകൾ (ദിവസം പത്തോ അതിലധികമോ മൃഗങ്ങളെ കശാപ്പുചെയ്യുന്ന സ്ഥാപനങ്ങൾ) ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വരുന്നതിനും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിനും ഊർജ്ജിതമായ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| ബി) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് പ്രദേശങ്ങളിൽ അറവുശാലകൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം നിബന്ധനകൾ പാലിക്കപ്പെടേണ്ടതുണ്ടെന്നറിയിക്കുമോ; | ബി) കശാപ്പിനായി മൃഗങ്ങളെ കൊണ്ട് വന്ന് വിശ്രമം നൽകാനും മൃഗഡോക്ടർ പരിശോധന നടത്തിയതിനു ശേഷം 24 മണിക്കൂർ പാർപ്പിക്കാനുമുള്ള ലെയ്റേജ് സംവിധാനം ഉണ്ടായിരിക്കണം. മൃഗഡോക്ടർ പോസ്റ്റ് മോർട്ടം, ആന്റിമോർട്ടം, പരിശോധനകൾ നടത്താനുള്ള സൗകര്യം ഉണ്ടായിരിക്കണം. മാലിന്യത്തിന്റെ അളവു കുറയ്ക്കാനും അറവുശാലയുടെ ശുചിത്വം ഉറപ്പാക്കാനും മൃഗങ്ങളെ കശാപ്പ് ചെയ്തു രക്തം വാർന്നെടുക്കാനുള്ള സൗകര്യം തോല്, എല്ല്, കൊമ്പ്, കുളമ്പ് ഇവ വേർപ്പെടുത്തി അടച്ചു സംഭരിക്കാനുള്ള, ട്രോളി മാതൃകയിൽ അവശിഷ്ടങ്ങൾ സംഭരിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണം. |

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുശാസിക്കുന്ന നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. മൃഗങ്ങളെ കെട്ടുന്നതിനുള്ള സ്ഥലം ചാണകവും പാഴ്‌വസ്തുക്കളും പാഴ്ജലവും പ്രത്യേകം പ്രത്യേകം ശേഖരിക്കാൻ സൗകര്യമുള്ളതും കഴുകി വൃത്തിയാക്കാവുന്ന പ്രതലത്തോടുകൂടിയതും ആകണം.
2. അറവുശാലയുടെ ചുവരുകൾ മിനുസമായ ഓടുകൾ പാകിയതാകണം.
3. അറവുശാലയുടെ തറ കഴുകി വൃത്തിയാക്കത്തക്കവിധം മിനുസമുള്ളതും അതേ സമയം ചറുകാത്ത വിധം പരുക്കനായതുമായ ഓടുകൾ പാകിയതാകണം.
4. ഇറച്ചി തറയിൽ തൊടാതെ തൂക്കി ഇടാനുള്ള കൊളുത്തുകൾ ഉണ്ടായിരിക്കണം.
5. രക്തം പ്രത്യേകം ശേഖരിച്ച് കാലിത്തീറ്റ നിർമ്മാണത്തിനോ വളം നിർമ്മാണത്തിനോ മറ്റും അന്നന്നു കൊടുക്കാനുള്ള സംവിധാനം ഉണ്ടായിരിക്കണം.
6. തോൽ പ്രത്യേകം ശേഖരിച്ച് അതു സംസ്കരിക്കുന്നവർക്ക് അന്നന്നു കൈമാറാനായി സൂക്ഷിക്കണം.
7. എല്ല് പ്രത്യേകം ശേഖരിച്ച് ബോൺമീൽ ഫാക്ടറികൾക്ക് അന്നന്നു കൈമാറത്തക്ക വിധം സൂക്ഷിക്കണം.
8. വയറ്റിലെയും കുടലിലെയും അവശിഷ്ടങ്ങൾ, ചാണകം, ഭക്ഷണാവശിഷ്ടങ്ങൾ എന്നീ സസ്യജന്യ വസ്തുക്കൾ സംസ്ക്കരിക്കാനായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം.
9. ഭക്ഷ്യയോഗ്യമല്ലാത്ത മാംസവും മൃഗാന്തർഭാഗങ്ങളും നഗര ഖരമാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്ക് അന്നന്ന് നീക്കം ചെയ്യണം.
10. ബയോഗ്യാസ് പ്ലാന്റിൽ നിന്ന് പുറത്തു വരുന്ന പാഴ്ജലവും, മൃഗങ്ങളെ കെട്ടുന്ന സ്ഥലവും അറവുശാലയും കഴുകി വരുന്ന പാഴ്ജലവും സെപ്റ്റിക് ടാങ്കിൽ ശേഖരിക്കുക. 48 മണിക്കൂർ പ്രസ്തുത പാഴ്ജലം സെപ്റ്റിക് ടാങ്കിനുള്ളിൽ കഴിയത്തക്കവിധം ടാങ്കിന് വലിപ്പമുണ്ടായിരിക്കണം.

11. സെപ്റ്റിക് ടാങ്കിൽ നിന്നുള്ള പാഴ്ജലം ഒരു അപ്ഫ്ലോ അനെയ്റോബിക് ഫിൽട്ടറോ തത്തുല്യ സംവിധാനത്തിലൂടെയോ സംസ്ക്കരിക്കണം.
12. മേൽപ്പറഞ്ഞ സംവിധാനത്തിൽ നിന്നും പുറത്തു വരുന്ന പാഴ്ജലം സീവർ പൈപ്പിലേയ്ക്ക് കടത്തി വിടുകയോ, സീവറേജ് സംവിധാനം ഇല്ലാത്ത സ്ഥലത്ത് സോക്പിറ്റിലേയ്ക്ക് ഒഴുക്കുകയോ ചെയ്യണം. സോക്പിറ്റ് വേണ്ടത്ര വിശാലവും അടിഭാഗം കോൺക്രീറ്റ് ചെയ്തതും ചുറ്റും ഇടവിട്ട് ഇഷ്ടിക കൊണ്ട് ഉള്ള ചുവർ നിർമ്മിച്ചതോ, ദ്വാരങ്ങളുള്ള റിംഗ് കൊണ്ട് നിർമ്മിച്ച ചുവർ ഉള്ളതോ ആയിരിക്കണം. ചുവരിനു ചുറ്റും 45 മുതൽ 90 സെന്റീമീറ്റർ വരെ കനത്തിൽ മണൽ നിറയ്ക്കുകയും ചെയ്യണം.
13. അറവുശാലയിലേയ്ക്ക് പക്ഷികളും ക്ഷുദ്ര ജീവികളും കടക്കാത്ത വിധം ചുവരും നെറ്റും ഉള്ളതായിരിക്കണം.
14. ചുറ്റുപാടും വെള്ളം കെട്ടിക്കിടക്കാനുള്ള സാഹചര്യം ഉണ്ടായിരിക്കരുത്.
15. 12 അടി പൊക്കവും അതിന്മേൽ മൂന്നടി പൊക്കമുള്ള മുള്ളുവേലിയും ഉള്ള ചുറ്റുമതിൽ നിർമ്മിക്കണം. തെരുവു പട്ടികളും പൂച്ചകളും അകത്തു കടക്കാതെ ശ്രദ്ധിക്കണം.
16. ചുറ്റു മതിലിനോടു ചേർന്ന് ഉള്ളിൽ വൃക്ഷങ്ങളും പടരുന്ന വള്ളികളും നട്ടു വളർത്തണം.
17. ഓരോ അറവുശാല നിർമ്മിക്കുന്നതിനും പ്രവർത്തിക്കുന്നതിനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി പത്രം കരസ്ഥമാക്കണം.
18. അറവുശാലയിൽ നിന്ന് മാംസം വില്പനശാലയിലേയ്ക്കോ ഉപയോഗ സ്ഥലത്തേക്കോ കൊണ്ടു പോകുന്ന വാഹനത്തിലും ഇറച്ചി തൂക്കി ഇടാനുള്ള സംവിധാനം ഉണ്ടായിരിക്കണം. നിലത്തിടാൻ ഇടയാകരുത്. വണ്ടി അടച്ചു മൂടിയതായിരിക്കണം.

| | |
|---|---|
| സി) അംഗീകാരമുളള എത്ര അറവുശാലകളാണ് സംസ്ഥാനത്തുളളത്; പ്രസ്തുത അറവുശാലകളുടെ ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ; | സി) ഡി) & ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ഡി) അനുവാദമില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകളുടെ എണ്ണം ലഭ്യമാണോ; എങ്കിൽ എത്രയെന്നറിയിക്കുമോ; | |
| ഇ) പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | |

സെക്ഷൻ ഓഫീസർ